REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-08-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **നേപ്പാളിൽ അതിശക്തമായ മിന്നൽ പ്രളയത്തിൽ 162-ഓളം പേർ മരിച്ചതായി സൂചന. 1000-ത്തിലേറെ പേരെ കാണാതായതായി റിപ്പോർട്ട്.**
- **നേപ്പാളിലേക്ക് ദുരിതാശ്വാസ സഹായം അടങ്ങിയ രണ്ടാമത്തെ വിമാനവും ഇന്ത്യ അയച്ചതായി വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ.**
- **ഖേലോ ഇന്ത്യ സംവാദത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി വീഡിയോ കോൺഫറൻസിങ്ങിലൂടെ അഭിസംബോധന ചെയ്യുന്നു.**
- **ഇന്ത്യയിലെ നിക്ഷേപ സൗഹൃദ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്താൻ കനേഡിയൻ കമ്പനികൾ തയ്യാറാകണമെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ.**
- **കൊളംബോയിൽ, ഇന്ത്യാ-ശ്രീലങ്ക രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ശ്രീലങ്കയുടെ രണ്ടാം ഇന്നിംഗ്സ് തുടരുന്നു.**

## വാർത്തകൾ വിശദമായി

നേപ്പാളിൽ ഇന്നലെ രാവിലെ ഉണ്ടായ അതിശക്തമായ മിന്നൽ പ്രളയത്തിൽ 162-ഓളം പേർ മരിച്ചതായി സൂചന. 300-ഓളം ഇന്ത്യൻ പൗരന്മാരടക്കം 1000-ത്തിലേറെ പേരെ കാണാതായതായാണ് റിപ്പോർട്ട്. കാണാതായവരിൽ 300-ഓളം ഇന്ത്യക്കാർ ഉണ്ടെന്ന് നേപ്പാൾ വിദേശകാര്യ മന്ത്രി ശിഷിർ ഖനൽ

അറിയിച്ചു. ടിബറ്റ് അതിർത്തിക്ക് സമീപം റാസുവ മേഖലയിൽ ഭോട്ടെ കോഷി നദിയിലാണ് മിന്നൽ പ്രളയമുണ്ടായത്.

ദുരന്ത ബാധിത മേഖലകളിൽനിന്ന് ഇതുവരെ 46 മൃതദേഹങ്ങൾ കണ്ടെടുത്തതായി സുരക്ഷാ ഉദ്യോഗസ്ഥർ അറിയിച്ചു. 93 പേരെ രക്ഷപ്പെടുത്താനായി. ടിബറ്റിലെ കൈലാഷ് മാനസസരോവർ തീർത്ഥാടകരായിരുന്നു ഇവരിൽ ഭൂരിഭാഗവുമെന്ന് അധികൃതർ പറഞ്ഞു.

ദുരന്ത സാഹചര്യത്തിൽ ബീഹാർ, ഉത്തർപ്രദേശ് മുഖ്യമന്ത്രിമാരുമായി ആഭ്യന്തരമന്ത്രി അമിത് ഷാ സംസാരിച്ചു. അതിർത്തി മേഖലകളിൽ പ്രാദേശിക ഭരണകൂടങ്ങൾക്കും ദുരിതാശ്വാസ-രക്ഷാ സംഘങ്ങൾക്കുമൊപ്പം NDRF-ന് വേണ്ട നിർദേശങ്ങൾ ജാഗ്രതാ നൽകിയതായും അമിത് ഷാ അറിയിച്ചു.

വിദേശ വിനോദസഞ്ചാരികളും നേപ്പാൾ പൗരന്മാരും കാണാതായവരിലുണ്ട്. ബ്രിട്ടൻ, ഓസ്ട്രേലിയ, യുഎസ്, മലേഷ്യ, ദക്ഷിണാഫ്രിക്ക, നെതർലാൻഡ്സ് തുടങ്ങിയ വിവിധ രാജ്യക്കാരാണ് കാണാതായ വിദേശികൾ. രക്ഷാപ്രവർത്തനങ്ങൾ തുടരുകയാണ്.

✪✪✪

നേപ്പാളിലേക്ക് 37.5 ടൺ വരുന്ന ദുരിതാശ്വാസ-അടിയന്തര സഹായ സാമഗ്രികൾ, മരുന്നുകൾ, ഭക്ഷണപ്പൊതികൾ എന്നിവ അടങ്ങിയ രണ്ടാമത്തെ വിമാനവും ഇന്ത്യ അയച്ചതായി വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ അറിയിച്ചു. നേപ്പാൾ അധികൃതരുമായി ഇന്ത്യ നിരന്തരം ബന്ധം പുലർത്തുന്നുണ്ടെന്നും, ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പിന്തുണ തുടരുമെന്നും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ പറഞ്ഞു. 10 ടൺ ദുരിതാശ്വാസ സാമഗ്രികളും അവശ്യ മരുന്നുകളും ഇന്ത്യ ഇന്നലെ തന്നെ അയച്ചിരുന്നു.

✪✪✪

നേപ്പാളിലെ മിന്നൽ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കേരളീയർക്ക് അടിയന്തര സഹായവും സേവനങ്ങളും വിവരങ്ങളും ലഭ്യമാക്കാൻ നോർക്ക ഹെൽപ്പ് ഡെസ്ക്ക് ആരംഭിച്ചു. ടോൾ ഫ്രീ നമ്പറായ 1800-425-3939, വിദേശത്തുനിന്ന് മിസ്ഡ് കോളായി +91-880-201-2345 നമ്പറുകളിൽ ബന്ധപ്പെടാം.

നേപ്പാൾ പ്രളയവുമായി ബന്ധപ്പെട്ട് ഇന്ത്യൻ എംബസിയും ഹെൽപ്പ് ഡെസ്ക് തുടങ്ങി. +977-985-131-6807, +977- 970-910-7500 എന്നീ നമ്പറുകളിൽ സഹായത്തിന് ബന്ധപ്പെടാം.

✪✪✪

നേപ്പാളിലുണ്ടായ വെള്ളപ്പൊക്കത്തെ ത്തുടർന്ന് കാണാതായ പശ്ചിമ ബംഗാൾ സ്വദേശികളെ കണ്ടെത്താനായി സംസ്ഥാന ഗവണ്മെന്റ് നേപ്പാളുമായി ബന്ധപ്പെട്ടു വരികയാണെന്ന് ബംഗാൾ അധികൃതർ അറിയിച്ചു. പശ്ചിമ ബംഗാളിൽ നിന്നുള്ള 36 പേരെ കാണാതായതായാണ് റിപ്പോർട്ടുകൾ.

✪✪✪

നേപ്പാളിലും ടിബറ്റിലുമുണ്ടായ പ്രളയത്തിൽ നിരവധി ജീവൻ പൊലിയുകയും നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തതിൽ UN സെക്രട്ടറി ജനറൽ, അന്റോണിയോ ഗുട്ടെറസ് ദുഃഖം അറിയിച്ചു. ദുരന്തബാധിത മേഖലകളിൽ ഗവണ്മെന്റിന്റെ നേതൃത്വത്തിൽ നടക്കുന്ന അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്ക് UN പിന്തുണ നൽകുന്നുണ്ടെന്ന് സെക്രട്ടറി ജനറലിന്റെ വക്താവ് വ്യക്തമാക്കി.

✪✪✪

ഖേലോ ഇന്ത്യ സംവാദത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി വീഡിയോ കോൺഫറൻസിങ്ങിലൂടെ അഭിസംബോധന ചെയ്യുന്നു. ദേശീയ കായിക ദിനാഘോഷങ്ങളുടെ ഭാഗമായി മേരാ യുവ് ഭാരതാണ് പരിപാടി സംഘടിപ്പിക്കുന്നത്.

സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും, ഓരോ ജില്ലയിൽനിന്നും രണ്ടുവീതം കോളേജുകളിലെ യുവജനങ്ങളാണ് രാജ്യവ്യാപക പരിപാടിയുടെ ഭാഗമാകുന്നത്. കായികമേഖല, യുവനേതൃത്വം, പൗര ഉത്തരവാദിത്തം, സന്നദ്ധസേവനം, ഫിറ്റ്നസ്, രാഷ്ട്രനിർമാണം തുടങ്ങി വിവിധ തലങ്ങളിലൂന്നിയാണ് പരിപാടി. രാജ്യത്ത് കായികക്ഷമതയും അച്ചടക്കവും ഉറപ്പാക്കി യുവാക്കളുടെ അഭിലാഷങ്ങൾ, ദേശീയ വികസന അജണ്ടയുടെ കേന്ദ്ര ബിന്ദുവാക്കുകയെന്ന കാഴ്ചപ്പാടിന്റെ ഭാഗമായാണ് ഖേലോ ഇന്ത്യ സംവാദം സംഘടിപ്പിക്കുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാതി'ന്റെ 137-ാം പതിപ്പ് ഈ മാസം 30-ന്. ആശയങ്ങളും നിർദേശങ്ങളും നമോ App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും നാളെ വരെ പങ്കുവയ്ക്കാം.

✪✪✪

അന്തരിച്ച മുൻ IAS ഉദ്യോഗസ്ഥനും അഡീഷനൽ ചീഫ് സെക്രട്ടറിയുമായ PH കുര്യന്റെ സംസ്കാരം മറ്റന്നാൾ കോട്ടയം സൗത്ത് പാമ്പാടി സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളിയിൽ നടത്തും. അർബുദബാധയെ ത്തുടർന്ന് ചികിത്സയിലിരിക്കെ ഇന്നലെ വൈകീട്ട് തിരുവനന്തപുരത്തായിരുന്നു അന്ത്യം. 67 വയസ്സായിരുന്നു.

✪✪✪

വരും മാസങ്ങളിൽ സവാളയുടെ മതിയായ ലഭ്യത ഉറപ്പാക്കാനും വിലക്കയറ്റം നിയന്ത്രിക്കാനും കേന്ദ്ര ഗവൺമെന്റ് നടപടി തുടങ്ങി. കരുതൽ ശേഖരത്തിൽ നിന്ന് ഘട്ടംഘട്ടമായി സവാള വിപണിയിലിറക്കുന്ന നടപടികളാണ് ആരംഭിച്ചത്.

2025-26 വർഷത്തെ സവാള ഉല്പാദനം 307 ലക്ഷം മെട്രിക് ടണ്ണിലധികം വരുമെന്ന് കണക്കാക്കുന്ന സാഹചര്യത്തിൽ, വരും മാസങ്ങളിലെ ആഭ്യന്തര ആവശ്യകതയ്ക്ക് സവാള ലഭ്യമാണെന്ന് ഉപഭോക്തൃകാര്യ ഭക്ഷ്യ-പൊതുവിതരണ മന്ത്രാലയം അറിയിച്ചു.

നാഫെഡ്, NCCF അടക്കം വിവിധ ഗവൺമെന്റ് ഔട്ട്ലെറ്റുകളിലൂടെ കിലോയ്ക്ക് 35 രൂപ നിരക്കിൽ സവാള വിൽക്കുമെന്ന് മന്ത്രാലയം അറിയിച്ചു. ഇതിനായി കേരള മടക്കം, രാജ്യത്തെ പ്രധാന കേന്ദ്രങ്ങളിലേക്ക് റോഡ് മാർഗം സവാള എത്തിക്കുമെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

ഇന്ത്യയിലെ നിക്ഷേപ സൗഹൃദ അന്തരീക്ഷം, സുതാര്യ നികുതി നയങ്ങൾ, സാമ്പത്തിക പരിഷ്കാരങ്ങൾ എന്നീ അനുകൂല സാഹചങ്ങൾ ഉപയോഗപ്പെടുത്താൻ കനേഡിയൻ കമ്പനികൾ തയ്യാറാകണമെന്നും അവരെ ഇന്ത്യയിലേക്ക് ക്ഷണിക്കുന്നുവെന്നും കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. ടൊറന്റോയിൽ ഉന്നതതല ബിസിനസ് വട്ടമേശ ചർച്ചയിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

Clean Technology, ഊർജ്ജ സംഭരണം, Aerospace, നിർമ്മിത ബുദ്ധി, സൈബർ സുരക്ഷ, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി വിവിധ മേഖലകളിലെ കമ്പനികകളുടെ തലവന്മാർ ചർച്ചയിൽ പങ്കെടുത്തു.

✪✪✪

പോർവിളിയുടെ വീരസ്മരണകൾ ഉണർത്തി ഓണാഘോഷത്തോട് അനുബന്ധിച്ച് പാലക്കാട് പല്ലശ്ശനയിൽ ഓണത്തല്ല് അരങ്ങേറി. ഇന്ന് വൈകീട്ട് അവിട്ടത്തല്ലും നടക്കും. പാലക്കാട് നിന്ന് ഫൈസൽ ആലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്....

....വോയിസ് .....

ഇന്ന് വേട്ടക്കരുമൻ ക്ഷേത്രാങ്കണത്തിലാണ് അവിട്ടത്തല്ല് അരങ്ങേറുക.കിഴക്കുമുറി , പടിഞ്ഞാറേമുറി ദേശക്കാരാണ് അവിട്ടത്തല്ലിന് അണിനിരക്കുക. തിരുവോണനാളിൽ തല്ലുമന്ദത്ത് നടന്ന ഓണത്തല്ലിൽ ഒരുകുടി, ഏഴുകുടി സമുദായങ്ങളിലെ യോദ്ധാക്കളാണ് കച്ചകെട്ടി ഇറങ്ങിയത്. പഴയകാവ് മൈതാനിയിൽ മന്നാടിയാർ വിഭാഗത്തിന്റെ ഓണത്തല്ലും അരങ്ങേറി.പല്ലശ്ശനയിലെ ദേശവാസികൾ ശത്രു രാജാവിനെതിരെ യുദ്ധാരവം മുഴക്കി പടനയിച്ചതിന്റെ ഓർമ്മ പുതുക്കിയാണ് ഓണനാളുകളിൽ ഇവിടെ ഓണത്തല്ലും അവിട്ടത്തല്ലും നടക്കുന്നത്.

✪✪✪

മുംബൈയിലെ ജവഹർലാൽ നെഹ്റു തുറമുഖം ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന കണ്ടെയ്നർ തുറമുഖമായി മാറിയെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ സാമൂഹിക മാധ്യമത്തിൽ അറിയിച്ചു. 2026-ന്റെ ആദ്യ പകുതിയിൽ കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിൽ 13.6 ശതമാനം വളർച്ച രേഖപ്പെടുത്തി, ആഗോളതലത്തിൽ 21-ാം സ്ഥാനത്തെത്തിയതായും കേന്ദ്രമന്ത്രി അറിയിച്ചു.

വളർച്ചയുടെ കാര്യത്തിൽ ലോകത്തെ മികച്ച 30 തുറമുഖങ്ങളിൽ മറ്റെല്ലാ തുറമുഖങ്ങളെയും പിന്തള്ളാൻ ജവഹർലാൽ നെഹ്റു തുറമഖത്തിന് കഴിഞ്ഞുവെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

കൊളംബോയിൽ, ഇന്ത്യാ-ശ്രീലങ്ക രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ശ്രീലങ്കയുടെ രണ്ടാം ഇന്നിംഗ്സ് തുടരുന്നു. നിലവിൽ 6 വിക്കറ്റ് നഷ്ടത്തിൽ 329 റൺസെന്ന നിലയിലാണ് ശ്രീലങ്ക. ഫോളോ ഓൺ വഴങ്ങിയ ലങ്കയ്ക്ക് രണ്ടാം ഇന്നിങ്സിൽ ഇപ്പോൾ 116 റൺസ് ലീഡുണ്ട്. മഴയെ തുടർന്ന് നാലാം ദിവസത്തെ മത്സരം നേരത്തെ അവസാനിപ്പിക്കുകയായിരുന്നു. രണ്ട് മത്സര പരമ്പരയിൽ ഇന്ത്യ നിലവിൽ 1-0 ന് മുന്നിലാണ്.

✪✪✪

തിരുവനന്തപുരത്ത് KCL ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ആദ്യ മത്സരത്തിൽ ഉച്ചകഴിഞ്ഞ് രണ്ടരയ്ക്ക് കൊല്ലം Sailors, കൊച്ചി Blue Tigers-നെയും, വൈകിട്ട് 6:45 ന് കാലിക്കറ്റ് Globe Stars, Trivandrum Royals-നെയും നേരിടും.

✪✪✪

ഓണക്കാലമെത്തിയാൽ തൃശ്ശൂരിലെ നാട്ടിടവഴികളിൽ ആട്ടവും പാട്ടുമായി കുമ്മാട്ടികളെത്തും. വിനോദ കലയെന്ന രൂപത്തിലാണ് നാടൻ കലാചരിത്രത്തിലും കുമ്മാട്ടിക്കളിയുടെ സ്ഥാനം. നാളെ ഉച്ചക്ക്ശേഷം തൃശ്ശൂരിൽ കുമ്മാട്ടികൾ ഇറങ്ങും.

തൃശൂരിൽ നിന്ന് ഭരിതാ പ്രതാപ്...

.......വോയ്സ്.....

ഓണക്കാലത്ത് ഓണത്തപ്പനെ വരവേല്ക്കുന്ന തൃശ്ശൂരിലെ കുമ്മാട്ടിക്കളി നാളെയാണ് അരങ്ങേരുക. ഒരുക്കങ്ങൾ താകൃത്തിയായി നടക്കുകയാണ്.

വടക്കുംനാഥ ക്ഷേത്രത്തിൽ കുടികൊണ്ട ശിവനും പാർവ്വതിയും ഭൂതഗണങ്ങളുടെ നൃത്തം കാണാൻ ആഗ്രഹിച്ചപ്പോൾ സംപ്രീതനായ ശിവൻ ഓണക്കാലത്ത് മഹാബലി എത്തുമ്പോൾ അദ്ദേഹത്തോടൊപ്പം ഭക്തരുടെ വീട്ടിൽ ആട്ടവും പാട്ടുമായി സന്തോഷിപ്പിക്കണമെന്ന് ഭൂതഗണങ്ങളോട് പറഞ്ഞു. അതാണത്രെ തൃശ്ശൂരിലെ കുമ്മാട്ടിക്കളിയുടെ ഐതിഹ്യം.

ദേവ, മനുഷ്യ കഥാപാത്രങ്ങളും മൃഗ കഥാപാത്രങ്ങളും കുമ്മാട്ടിക്കളിയിലുണ്ട്. ശിവൻ, ബ്രഹ്മാവ്, ശ്രീരാമൻ, കൃഷ്ണൻ, ഗണപതി, കിരാതമൂർത്തി, ദാരികൻ, കാളി, അപ്പൂപ്പൻ, സന്യാസി തുടങ്ങിയ പൊയ്മുഖങ്ങൾക്കൊപ്പം പുലിമുഖവും തെയ്യമുഖവും കാളമുഖവും ചില കുമ്മാട്ടികൾ അണിയാറുണ്ട്. ഇപ്പോൾ നാടൻ കലാരൂപങ്ങളും ഫാൻസി വേഷങ്ങളും കൂടി ജനത്തെ രസിപ്പിക്കാൻ വേണ്ടി ഒരുക്കാറുണ്ട്.

ഒരു കുമ്മാട്ടി മുഖത്തിന് 20000 മുതൽ 50000 രൂപയോളം നിർമ്മാണ ചിലവ് വരും. 10 കിലോയോളം ഭാരമുള്ള കുമ്മാട്ടി മുഖങ്ങൾ വരെയുണ്ട്.

ശരീരം മുഴുവൻ പർപ്പടക പുല്ല് വെച്ചു കെട്ടിയാണ് കുമ്മാട്ടി വേഷം ഒരുക്കുക. . പ്രത്യേക രീതിയിൽ കുമ്മാട്ടിപ്പുല്ല് പിരിച്ചു പിരിച്ച് മെടഞ്ഞ ശേഷം കയറും കാഞ്ഞിര വള്ളിയും ഉപയോഗിച്ച് ദേഹത്ത് വച്ച് കെട്ടും. ഇതിനു ശേഷമാണ് പൊയ്മുഖമണിയുക.

കുമ്മാട്ടിപ്പാട്ടും പാടി വില്ലു കൊട്ടി വീടു വീടാന്തരം ഉത്രാടം മുതൽ നാലാം ഓണം വരെ കുമ്മാട്ടികൾ കളിക്കും. കുമ്മാട്ടിക്കളിയിൽ ഏറ്റവും പഴക്കം ചെന്ന നൂറ്റാണ്ടുകൾ പിന്നിട്ട കളി നടക്കുന്നത് തൃശ്ശൂർ കിഴക്കുംപാട്ടുകര വടക്കും മുറി തെക്കും മുറി വിഭാഗങ്ങളുടേതാണ്.

✪✪✪

തിരുവനന്തപുരം ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിൽ തിരുജയന്തി മഹാ സമ്മേളനം നാളെ വൈകിട്ട് മുഖ്യമന്ത്രി VD സതീശൻ ഉദ്ഘാടനം ചെയ്യും. V.മുരളീധരൻ MLA അധ്യക്ഷത വഹിക്കും.

✪✪✪

കോഴിക്കോട് താമരശേരി അമ്പായത്തോട് അറവ് മാലിന്യ സംസ്കരണ ഫാക്ടറി, മാർച്ചിനകം ജനവാസ കേന്ദ്രത്തിൽ നിന്ന് മാറ്റാമെന്ന് സമരസമിതിയും കമ്പനി ഉടമകളും തമ്മിൽ ധാരണയായയതായി P.K.ഫിറോസ് MLA പറഞ്ഞു. സമര സമിതിക്കെതിരെ കമ്പനി അധികൃതർ നൽകിയ കേസുകൾ പിൻവലിക്കാനും തീരുമാനമായി.

മന്ത്രി P.K.കുഞ്ഞാലിക്കുട്ടിയുടെ സാന്നിധ്യത്തിൽ കമ്പനി ഉടമകളുമായി നടത്തിയ ചർച്ചയുടെ തുടർച്ചയായാണ് സമരസമിതിയും കമ്പനി പ്രതിനിധികളും ധാരണയിലെത്തിയത്.

നിലവിൽ കമ്പനി അടച്ചുപൂട്ടണമെന്ന മലിനീകരണ നിയന്ത്രണ ബോർഡ് ഉത്തരവിനെതിരെ കമ്പനി ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ വാങ്ങിയിരുന്നു. ഇതേ തുടർന്നാണ് MLA-മാരുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തി പ്രശ്നപരിഹാരത്തിന് വഴി തുറന്നത്.

✪✪✪

*News Editor : AV ഫർദിസ്*
*News Reader: അൻഷ കരീം*
*News Team: അനുഷ ആത്മപ്രകാശ്, ജാസ്മി*
*DEO : സി കെ സുബോധ്*